LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അവിടെ വരാം. വന്ന് എല്ലാവരെയും വിളിച്ചുകൂട്ടി ഡിസ്ക്കസ് ചെയ്യാം.

ശ്രീ. വർക്കല കഹാർ: ഇതിഹാസ കാലം മുതൽ സ്കന്ദപുരാണത്തിലും അതോടൊപ്പം കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശത്തിലും പാപനാശം ക്ലിഫുകൾ വർണ്ണിക്കുന്നുണ്ട്. ഈ ക്ലിഫുകളും പൗരാണിക ശിൽപകലാ വിസ്മയമായ വർക്കല തുരങ്കങ്ങളും പുരാവസ്തുക്കളിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിന്റെ ഒരു പ്രത്യേകത എന്നുപറയുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുന്ന ഈ അഭിപ്രായങ്ങൾതന്നെയാണ്. നമുക്ക് വലിയൊരു പൈതൃകമുണ്ട്. അത് സംരക്ഷിക്കാനുള്ള നടപടി നമ്മൾ സ്വീകരിക്കുന്നുണ്ട്. കുറച്ചുകൂടി ഫലപ്രദമായി ചെയ്യാനുള്ള കൂട്ടായ ശ്രമം നമുക്കൊരുമിച്ച് നടത്താം. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതാപരമാണ്. ഞാൻ ഒന്നും നിഷേധിക്കുന്നില്ല.

ആദിവാസികൾക്കായി അടിസ്ഥാനാവശ്യനിർവ്വഹണ പാക്കേജ് പദ്ധതി

*3 [333] ശ്രീ. എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി അടിസ്ഥാനാവശ്യ നിർവ്വഹണ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്രകാരം ഒരു പദ്ധതി മുൻവർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി ആദിവാസികൾക്ക് എന്തെല്ലാം അടിസ്ഥാന നിർവ്വഹണ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏത് ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; എന്ത് തുക ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി; എന്ത് തുക ചെലവഴിച്ചു;

(ഇ) ഈ പാക്കേജിന്റെ ഭാഗമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ,

(എ) ഉണ്ട്.

(ബി ആന്റ് സി) ഏറ്റവും പിന്നോക്കം നിൽക്കുന്ന പണിയ, അടിയ, മറ്റു പ്രാക്തനഗോത്രവർഗ്ഗക്കാർ എന്നിവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പണിയ, അടിയ, മറ്റു പ്രാക്തനഗോത്രവർഗ്ഗക്കാർ എന്നിവർക്കുള്ള പാക്കേജ് പദ്ധതി 1998-99 വർഷം മുതൽ നടപ്പാക്കിവരുന്നു. ആരോഗ്യം മെച്ചപ്പെടുത്തൽ, സ്വയംതൊഴിൽ പദ്ധതികൾ, മറ്റ് അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് പരിപാടികൾക്കായി കേന്ദ്ര സർക്കാർ 2003-2004-ൽ 35.50 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതികൾ † അനുബന്ധം I ആയി ചേർക്കുന്നു. കൂടാതെ സംസ്ഥാനത്തെ ആദിവാസികൾ 35 ശതമാനം അധിവസിക്കുന്ന വയനാട് ജില്ലയിലെ ആദിവാസികൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിന് വേണ്ടി കോഴിക്കോട് IIM-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കുടിവെള്ള പദ്ധതി ഒഴികെ ബാക്കി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പും ആദിവാസി പുനരധിവാസ വികസന മിഷനുമാണ് നടപ്പിലാക്കിവരുന്നത്. കുടിവെള്ള പദ്ധതി (ഗിരിധാര പദ്ധതി) SEUF (Socio Economic Unit Foundation) വഴിയാണ് നടപ്പിലാക്കുന്നത്. 2003-2004-ലെ പാക്കേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തുകയൊന്നും ചെലവഴിച്ചിട്ടില്ല. 1998-99 മുതൽ 2003-2004 വരെ ബഡ്ജറ്റിൽ അടിയ, പണിയ പാക്കേജിന് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയത് (രൂപ ലക്ഷം)	ചെലവഴിച്ചത് (രൂപ ലക്ഷം)
1998-1999	35.00	34.73
1999-2000	15.00	15.00
2000-2001	15.00	13.77
2001-2002	15.00	14.98
2002-2003	200.00	197.71
2003-2004 (31-12-2003)	100.00	40.81

(ഇ) ഉണ്ട്. 2003-04-ലെ പാക്കേജിൽ 10 കോടി രൂപ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലേക്കായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പരിഗണനയിലാണ്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, അടിയ, പണിയ വിഭാഗം ആദിവാസികൾ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാം. 2001-2002 മുതൽ 2003-2004 വരെയുള്ള മൂന്ന് വർഷം അവരുടെ വികസനത്തിനു വേണ്ടി പാക്കേജായി വകയിരുത്തിയ ആകെ തുക 315 ലക്ഷമാണെന്ന് പറഞ്ഞു. അതിൽ 61,50,000 രൂപ ഇതുവരെ ചെലവാക്കിയിട്ടില്ല. കേന്ദ്രഗവണ്മെന്റ് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 35.50 കോടി രൂപ ചെലവഴിച്ചിട്ടില്ല. അത് അടിയന്തിരമായി ചെലവഴിക്കാൻ ഒരു മാസത്തിനകം ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: അടിയ-പണിയർക്കു വേണ്ടിയുള്ളതിൽ 2001-2002 വർഷങ്ങളിൽ ഏതാണ്ട് മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ട്. എന്നാൽ ഈ വർഷം ഡിസംബർ വരെയുള്ളതാണ് 40.48 ലക്ഷം രൂപ. ബാക്കി 60 ലക്ഷം രൂപ പരമാവധി ചെലവഴിക്കാൻ സാധിക്കും. ഈ വർഷം കേന്ദ്രഗവണ്മെന്റ് അനുവദിച്ചിട്ടുള്ള വിവിധ പരിപാടികൾ അതായത്, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, ആദിവാസി പുനരധിവാസത്തിനുള്ള സാമ്പത്തിക സഹായം മുതലായവ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ തുക ലാപ്സാകുന്ന വിഷയം ഇല്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

*4 [334] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വ്യവസായത്തെ പ്രോൽസാഹിപ്പിക്കുവാൻ ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[6-2-2004-ലെ നക്ഷത്രചിഹ്നമിട്ട *3(333)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	*വിഷയം*	*രൂപ (കോടി)*
1	പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	10.00
2	പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി	10.00
3	പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ	5.00
4	വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ	5.50
5	ആദിവാസി പുനരധിവാസത്തിനായുള്ള സാമ്പത്തിക സഹായം	5.00
	ആകെ	**35.50**

2/198/2013—38.